ഫെബ്രുവരി 2020

# ജീവജലത്തിൻെറ അരുവികൾ ഒഴുകട്ടെ



പിന്നെ അവൻ എന്നെ ദേവാലയവാതിൽക്കലേക്കു തിരിയെക്കൊണ്ടുവന്നു. അതാ, ദേവാലയ പൂമുഖത്തിന്റെ അടിയിൽ നിന്നു കിഴക്കോട്ട് വെള്ളം ഒഴുകുന്നു. ദേവാലയത്തിന്റെ ദർശനം കിഴക്കോട്ടാണ്. ദേവാലയ പൂമുഖത്തിന്റെ വലത്തുഭാഗത്ത്, ബലിപീഠത്തിന്റെ തെക്കുവശത്ത്, അടിയിൽ നിന്നു വെള്ളം ഒഴുകിക്കൊണ്ടിരുന്നു. പിന്നെ അവൻ എന്നെ വടക്കേ പടിപ്പുരയിലൂടെ പുറത്തുകൊണ്ടുവരുകയും കിഴക്കേ പടിപ്പുരയിലേക്കു പുറത്തുകൂടെ നയിക്കുകയും ചെയ്തു. വെള്ളം തെക്കുവശത്തുകൂടെ ഒഴുകിയിരുന്നു. കൈയിൽ ചരടുമായി അവൻ കിഴക്കോട്ടു നടന്ന് ആയിരം മുഴം അളന്നു. എന്നിട്ട് വെള്ളത്തിലൂടെ എന്നെ നയിച്ചു. അവിടെ കണങ്കാൽവരെ വെള്ളമുണ്ടായിരുന്നു. പിന്നെയും അവൻ ആയിരം മുഴം അളന്ന് എന്നെ വെള്ളത്തിലൂടെ നയിച്ചു. അവിടെ മുട്ടോളം വെള്ളമുണ്ടായിരുന്നു. വീണ്ടും അവൻ ആയിരം മുഴം അളന്ന് എന്നെ വെള്ളത്തിലൂടെ നയിച്ചു. അവിടെ അരയ്ക്കൊപ്പം വെള്ളമുണ്ടായിരുന്നു. പിന്നെയും അവൻ ആയിരം മുഴം അളന്നു. എനിക്കു കടന്നുപോകാൻ പറ്റാത്ത ഒരു നദിയായിരുന്നു അത്. വെള്ളം അത്രയ്ക്ക് ഉയർന്നിരുന്നു. നീന്താൻ വേണ്ടുന്ന ആഴമുണ്ടായിരുന്നു അതിന് – നടന്ന് അക്കരെപറ്റാൻ വയ്യാത്ത ഒരു നദി

– എസക്കിയേൽ 47:1–5

## വിചിന്തനം

ദേവാലയ വാതിൽക്കൽ നിന്നൊഴുകുന്ന അരുവിയെ സംബന്ധിക്കുന്ന എസെക്കിയേലിന്റെ ദർശനം ഏറെ കാര്യങ്ങൾ നമ്മെ പഠിപ്പിക്കും. ഈ ദിവസങ്ങളിൽ പലയാവർത്തി അത് വായിക്കാനും ആത്മാവു നൽകുന്ന പ്രചോദനങ്ങൾ സ്വ ജീവിതത്തിലും കൂട്ടായ്മകളിലും ജീവിക്കാനും പരിശ്രമിക്കാം.

പല വലിയ കാര്യങ്ങളുടെയും ആരംഭം വളരെ ചെറുതായിട്ടാണല്ലോ. നമ്മുടെ സുപ്രധാന ബന്ധങ്ങൾ പലതും പ്രതീക്ഷിക്കാതെയുള്ള കണ്ടുമുട്ടലിൽ തുടങ്ങി വലിയ സ്നേഹ ബന്ധമായി തീരുന്നു. നമ്മുടെ കഴിവുകൾ വളരുന്നതും അങ്ങനെ തന്നെയല്ലേ. അതല്ലെങ്കിൽ, ചിലർ ചില പ്രത്യേക വസ്തുക്കളുടെ ശേഖരം ഉണ്ടാക്കുന്നതോർക്കാം. കുറെ നാൾകൊണ്ട് അത് വലിയൊരു നിധിയായിത്തീരും. നമ്മുടെ കൂട്ടായ്മകളിലും മുന്നേറ്റത്തിൽ തന്നേയും വലുതായി വളർന്ന പലതും ഒരെളിയ പ്രചോദനത്തിൽ തുടങ്ങി അത് സ്ഥിരതയോടെ വളർന്ന് ഇന്ന് വലിയ ഫലമുണ്ടാക്കുന്ന ഒരു പ്രസ്ഥാനമായി വളർന്നു, ഒരു വലിയ നദി പോലെ. നമ്മുടെ ജീവിതത്തിലേക്കും ഒന്ന് തിരിഞ്ഞു നോക്കിക്കേ, നന്മയുടെയും കരുണയുടെയും ജലധാരകൾ ഒഴുകി പരക്കുന്നത് നമുക്കവിടെ കാണാനാകും.

ആ ദർശനത്തിൽ ആഴവും പരപ്പും നേടുന്ന ആ നദിയിലൂടെ ഒരാൾ പ്രവാചകനെ പടിപടിയായി നയിക്കുന്നു. ക്രിസ്തീയ ജീവിതത്തിലും ഒരു തിരിഞ്ഞുനോട്ടം, ഒപ്പം അവിടുന്ന് വളർത്തിയ വഴികൾ ഓർക്കുന്നത് സുപ്രധാനമാണ്. “കർത്താവിന്റെ പ്രവൃത്തികൾ ഞാൻ ഓർമിക്കും” (സങ്കിർത്തനം 77:11; 143:5). കഴിഞ്ഞ കാലങ്ങളിൽ കർത്തവ് പ്രവർത്തിച്ച വഴികളെ കുറിച്ചുള്ള ചിന്തയും, വിവിധ ഘട്ടങ്ങളിൽ അവിടുന്നു നൽകിയ അനുഗ്രഹങ്ങളെ കുറിച്ചുള്ള ഓർമ്മയും നമ്മുടെ ജീവിതത്തിൽ പുത്തൻ കൃപയുടെ ഉറവയാകും. ഇടയ്ക്കിടെ നാം കർത്താവിന്റെ കാൽക്കൽ ഇരുന്ന് എന്നിൽ ഒഴുകി വളരുന്ന നദികളെ കണ്ടെത്തണം. കൂട്ടായ്മയിൽ ഉറ്റ മിത്രങ്ങളുമായും ഈ ഓർമ്മകൾ പങ്കുവയ്ക്കണം. ഓർമിക്കാൻ നാം മറക്കരുത്, കാരണം ആത്മപ്രേരിതമായ അത്തരം ഓർമകളാണ് ആഹ്ളാദത്തിന്റെയും വിശ്വാസ വളർച്ചയുടെയും ഉറവ. നമ്മെ കരുതി നടത്തുന്ന ഒരുവനെ അടുത്തറിയാനും സ്നേഹ തീക്ഷതയിൽ പുതുച്ചുവടുകൾ വയ്ക്കാനും അത് ഇടയാക്കുകയും ചെയ്യും.

ഒരു നദിയുടെ വളർച്ചയിൽ പല പടികളില്ലേ? നല്ല കാര്യങ്ങൾ വളർന്നു വലുതാകുന്നതും അത്തരം ചില പടികൾ കടന്നാണല്ലോ. ഒരു ചെറു തുടക്കം, തടസമില്ലാതെയുള്ള ഒഴുക്ക്, പിന്നെ ആഴങ്ങൾ തേടൽ, ചുറ്റും ഫലങ്ങൾ കായ്ക്കൽ, അങ്ങനെ ഒരു നാടിന്റെ നിർമിതി. അതായത്, തുടക്കം, ഒഴുക്ക്, ആഴം, ഫലമണിയൽ. ദേവാലയ മുഖത്ത് നാഥന്റെ കാൽക്കൽ ഒരു സദ് പ്രേരണയായാണ് എല്ലാ നല്ല തുടക്കവും. ഒരു ചെറു വിത്ത് മുളയിടുന്നപോലെ. പിന്നീട് അതൊരു വട വൃക്ഷമായേക്കാം. ഒരു കർഷകൻ ക്ഷമാപൂർവ്വം പരിചരണം നൽകി കാത്തിരിക്കും കർത്താവ് അതിനെ വളർത്തുകയും ചെയ്യും. അപ്രകാരം ആ നദി ഒഴുകണം. ഒഴുക്കു നിന്നാൽ അത് നദി അല്ലാതാകും. നമ്മിലെ കർത്താവിന്റെ പ്രവർത്തനവും ആഴവും പരപ്പും നേടി വളരണം. അങ്ങനെ സമയത്ത്നെ തികവിൽ ഓരോ സൗഹൃദവും, നാം വളർത്തുന്ന നല്ല ശീലങ്ങളും, കൂട്ടായ്മയിലെ സ്നേഹ ശുശ്രൂഷകളും ഒക്കേ ഫലമണിയുകയും അനേകർക്ക് ആനന്ദവും ചുറ്റുപാടും ദൈവ രാജ്യ വളർച്ചയും ഉണ്ടാക്കുകയും ചെയ്യും.

യേശുവിന്റെ തന്നെ വാക്കുകളിൽ, വിശ്വസിക്കുന്നവനിൽ നിന്ന് നദികൾ ഒഴുകുമത്രെ (യോഹ 7:38). ദൈവാത്മാവു തന്നെ ആ ജീവനുള്ള അരുവി. നമ്മുടെ ഉള്ളിൽ നിന്നും കൂട്ടായ്മകളിൽ നിന്നും അത് കവിഞ്ഞൊഴുകി നന്മയാൽ നമ്മുടെ നാടിനെ നിറയ്ക്കുകയും (വെളി 22:1,2), സദ് വാർത്തയുടെ ഫലങ്ങൾ പേറി ജനതകൾക്ക് സൗഖ്യം നൽകുകയും ചെയ്യുമാറാകട്ടെ.